# കണ്ണൂർ സർവ്വകലാശാല
## (പരീക്ഷാ വിഭാഗം)

www.kannuruniversity.ac.in

No. EG 1.2/PR/2022 **കെ. യു. എച്ച്. ക്യു, തീയതി**: 10.08.2022

**പ്രസിദ്ധീകരണത്തിന്**

### പ്രായോഗിക പരീക്ഷകൾ

**രണ്ടും നാലും** സെമസ്റ്റർ **ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്** (മേഴ്സി ചാൻസ്), മെയ് 2020 പരീക്ഷയുടെ പ്രായോഗിക പരീക്ഷകൾ **2022 ആഗസ്റ്റ് 17**- ന് പിലാത്തറ കോഓപ്പറേറ്റീവ് ആർട്സ് ആൻഡ് സയൻസ് കോളേജിലും എം.ഇ.എസ്. കോളേജ് നരവൂരിലും വെച്ച് നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

### ഹാൾടിക്കറ്റ്

17/08 /2022 ന് ആരംഭിക്കുന്ന അഫിലിയേറ്റഡ് കോളേജുകളിലെയും ഐ .ടി എഡ്യൂക്കേഷൻ സെന്ററുകളിലെയും **മൂന്നാം** സെമസ്റ്റർ **എം.സി.എ./എം.സി.എ. ലാറ്ററൽ എൻട്രി** (R/S/I)-നവംബർ 2021 പരീക്ഷയുടെ ഹാൾടിക്കറ്റ് സർവകലാശാല വെബ് സൈറ്റിൽ ലഭ്യമാണ്.

16/08/2022 ന് ആരംഭിക്കുന്ന അഫിലിയേറ്റഡ് കോളേജുകളിലെ **രണ്ടാം** സെമസ്റ്റർ **എം.എസ്.ഡബ്ല്യൂ.** (R/S/I-2018 അഡ്മിഷൻ മുതൽ), ഏപ്രിൽ 2022 പരീക്ഷയുടെ ഹാൾടിക്കറ്റ് സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

### പ്രൈവറ്റ് രജിസ്ട്രേഷൻ അപേക്ഷകരുടെ ശ്രദ്ധയ്ക്ക്

**ഒന്നാം** സെമസ്റ്റർ (പ്രൈവറ്റ് രജിസ്ട്രേഷൻ) **ഡിഗ്രി/പിജി**, നവംബർ 2021 പരീക്ഷാ രജിസ്ട്രേഷൻ **11-08-2022** മുതൽ ആരംഭിക്കുന്നതാണ്. അപേക്ഷകർ ആദ്യമേ ഫീസ്

അടക്കേണ്ടതില്ല. പരീക്ഷാ രജിസ്ട്രേഷൻ സമയത്ത് ആവശ്യപ്പെടുമ്പോൾ മാത്രം നിർദ്ദേശങ്ങൾക്കനുസരിച്ച് ഇ പേ വഴി പേയ്മെന്റ് നടത്തണം . നെറ്റ് ബാങ്കിംഗ്, ഗൂഗിൾ പേ, കാർഡ് പേയ്മെന്റ് തുടങ്ങിയ രീതിയിൽ ഫീസ് അടക്കാം.

രജിസ്ട്രേഷൻ പ്രക്രിയ വിജയകരമായി പൂർത്തിയാക്കിയവർക്ക് അപേക്ഷയുടെ പ്രിന്റ് എടുക്കാവുന്നതാണ്. ഇത് ഈ മാസം 23 നകം വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽ എത്തിക്കണം.

സപ്ലിമെന്ററി/ ഇമ്പ്രൂവ്മെന്റ് വിദ്യാർഥികൾ ഇപ്പോൾ രജിസ്ട്രേഷൻ നടത്തേണ്ടതില്ല. ഒന്നാം സെമസ്റ്റർ ഫലം വന്നതിനു ശേഷം അവർക്കു അപേക്ഷിക്കാൻ അവസരം നൽകുന്നതാണ്.

**ഒപ്പ്** /-
**ജോയിൻറ് രജിസ്ട്രാർ** II
(**പരീക്ഷാ വിഭാഗം**)